**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.3330** — **22/08/2017-ൽ മറുപടിയ്ക്ക്**

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിലവിലെ മെമ്പർ സെക്രട്ടറി ആരാണ്; ഇതിനു മുൻപുണ്ടായിരുന്ന മെമ്പർ സെക്രട്ടറി റിട്ടയർ ചെയ്ത ഒഴിവിലേക്കാണോ ടി സെക്രട്ടറിയെ നിയമിച്ചത്; നിലവിലുള്ള മെമ്പർ സെക്രട്ടറിയുടെ വിദ്യാഭ്യാസ യോഗ്യതകളും പ്രവൃത്തി പരിചയവും അദ്ദേഹത്തെ നിയമിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ; | (എ) | ഡോ. എസ്. പ്രദീപ് കുമാർ.<br>വിദ്യാഭ്യാസ യോഗ്യത :<br>1st Class in Msc. Botany,<br>M.Phil (Botany) A Grade, Ph.D.<br>പ്രവൃത്തി പരിചയം : വിവിധ കോളേജുകളിൽ 23 വർഷത്തെ അധ്യാപന പരിചയം, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പരീക്ഷാ കൺട്രോളറായി ആറു വർഷത്തെ സേവനം. |
| (ബി) | കൗൺസിലിന്റെ കീഴിൽ എത്ര റിസർച്ച് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്രയെണ്ണത്തിലാണ് ഫുൾ ടൈം ഡയറക്ടർമാരുള്ളത്; അവ ഏതൊക്കെയാണ്; | (ബി) | കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ 7 ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 3 ഗവേഷണ സ്ഥാപനങ്ങളിലാണ് ഫുൾ ടൈം ഡയറക്ടർമാർ ഉള്ളത്. അവ, കേരള വന ഗവേഷണ കേന്ദ്രം (KFRI), ജലവിഭവ വിനിയോഗ കേന്ദ്രം (CWRDM), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) എന്നിവയാണ്. |
| (സി) | മലബാർ ബൊട്ടാണിക്കൽ ഗാർഡൻ കൗൺസിലിന്റെ റിസർച്ച് സെന്ററായി അപ്ഗ്രേഡ് ചെയ്തത് എന്നാണ്; പ്രസ്തുത സ്ഥാപനതിന്റെ ഇപ്പോഴത്തെ ഡയറക്ടർ ആരാണ്; എന്നാണ് അദ്ദേഹം ഫുൾ ടൈം ഡയറക്ടർ പദവിയിലെത്തിയത്; ഡയറക്ടറെ നിയമിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | 25/07/2015-ലെ G.O.(MS) No.4/2015/S&TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (MBGIPS) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനമായത്. പ്രസ്തുത സ്ഥാപനത്തിന് ഇപ്പോൾ ഫുൾടൈം ഡയറക്ടർ ഇല്ല. 01/06/2018 മുതൽകൗൺസിൽ മെമ്പർ സെക്രട്ടറിയായ ഡോ.എസ്.പ്രദീപ്കുമാറാണ് MBGIPS – ന്റെ ഡയറക്ടറുടെ ചുമതല വഹിക്കുന്നത്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ നിയമനം കൗൺസിലിന്റെ എട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച ജനറൽ റൂൾസ് പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ